# പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിനെട്ടാമത് റിപ്പോർട്ട്

(2018 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ 42-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

പതിനെട്ടാമത് റിപ്പോർട്ട്

(2018 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ 42-ാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**

209/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 20 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. എ. കെ. ശശീന്ദ്രൻ*

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ് , സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

---

* 2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ 42-ാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

2018 ജനുവരി മാസം 30-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2018 ഫെബ്രുവരി 1.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 42-ാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ 42-ാമത് റിപ്പോർട്ട് 2011 ഫെബ്രുവരി 23-ന് സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ ഇരുപത് ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടി 17-9-2014, 5-8-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ 18, 22, 25, 41 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞു. ഖണ്ഡിക 18, 22, 25 എന്നിവ സംബന്ധിച്ച അധികവിവരത്തിന്മേൽ സർക്കാർ മറുപടിയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി.

1.4 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിൻമേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മറുപടി, തുടർശിപാർശകൾ എന്നിവയും അധികവിവരത്തിൻമേൽ മറുപടി ലഭ്യമാക്കാത്ത ഖണ്ഡിക സംബന്ധിച്ച തുടർ ശിപാർശയും അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നു ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം III-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം II

ശിപാർശകളിൻമേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും സർക്കാർ സ്വീകരിച്ച നടപടിയും തുടർ ശിപാർശകളും.

ഖണ്ഡിക നമ്പർ 18

ശിപാർശ

2.1.1 ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് നടത്തിയ ജനുവരി 2002-ൽ പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം നിലവിലില്ലാത്തതിനാലും ഗുണഭോക്താക്കളുടെ ലിസ്റ്റ്, കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാലുമാണ് പ്രസ്തുത പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടിവന്നത് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ 20 പേർക്ക് പരിശീലനം നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഠിതാക്കൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായി ഫയലിൽ രേഖയില്ലെന്നും ഓഡിറ്റ് വിഷയവുമായി ബന്ധപ്പെട്ട രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസ് വകുപ്പിൽ ഹാജരാക്കിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്നതും പഞ്ചായത്തിന് നഷ്ടപ്പെട്ടതുമായ തുക മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസിൽ നിന്നും സർചാർജ്ജ് നോട്ടീസ് പ്രകാരം 21,300 രൂപയും പിഴയും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് രജിസ്ട്രാർക്ക് ബ്ലോക്കിൽ നിന്ന് കത്തയച്ചിരുന്നു. എന്നാൽ ടിയാൻ തുക അടയ്ക്കാതിരുന്നതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതിന് ശ്രീ. എം. സി. തോമസ് താമസിക്കുന്ന ജില്ലയായ എറണാകുളം ജില്ലാ കളക്ടർക്ക് 25-4-2009-ൽ അപേക്ഷ നൽകി. എന്നാൽ ജില്ലാ കളക്ടറുടെ 15-6-2009-ലെ ബി6-24292/2009-ാം നമ്പർ കത്ത് പ്രകാരം പബ്ലിക് സെർവന്റിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർ വിചാരണ ചെയ്ത് ടിയാന് ബോധിപ്പിക്കുവാനുള്ളത് കേട്ടതിന് ശേഷമേ തുടർനടപടി കൈക്കൊള്ളാവൂ എന്നും കുടിശ്ശികക്കാരന് നിയമപ്രകാരമുള്ള രജിസ്റ്റേർഡ് നോട്ടീസ് നൽകണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകി. എന്നാൽ ശ്രീ. തോമസ് ആയതിന് യാതൊരുവിധ മറുപടിയും നൽകുകയുണ്ടായില്ല. 30-1-2009-ൽ വീണ്ടും രജിസ്റ്റേർഡ് കത്ത് അയച്ചെങ്കിലും ആയതിനും മറുപടി ലഭിച്ചില്ല. ആയതിനാൽ 25-4-2009-ൽ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ടി കക്ഷി ഇടുക്കി ജില്ലയിൽ നിന്നും റിട്ടയർ ചെയ്ത ഗവൺമെന്റ് സെർവന്റ്

ആയതിനാൽ ഇടുക്കി ജില്ലാ കളക്ടർ മുഖേന പബ്ലിക് അക്കൗണ്ട്സ് ആക്ട് പ്രകാരം ടിയാനെ വിചാരണ ചെയ്ത് ഇടുക്കി ജില്ലാ കളക്ടർ തീരുമാനം എടുത്തതിന് ശേഷമേ ആർ.ആർ. നടപടികൾ സ്വീകരിക്കാവൂ എന്ന് അറിയിച്ചിരിക്കുകയാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

2.1.3 റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച നടപടിക്രമങ്ങളുടെ രേഖകൾ വകുപ്പിന് ലഭ്യമാക്കിയിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.1.4 റവന്യൂ റിക്കവറി നടപടി സംബന്ധിച്ച അടിയന്തര റിപ്പോർട്ട് സമർപ്പിക്കുക.

<u>അധികവിവരത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

2.1.5 ഓഡിറ്റ് വകുപ്പിന്റെ മുൻപരിശോധനാ റിപ്പോർട്ട് പ്രകാരം പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതായി ഫയലിൽ രേഖയില്ലാത്തതിനാൽ ശ്രീ. എം.സി. തോമസിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 25-4-2009-ൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ബഹു. എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കുടിശ്ശികക്കാരൻ ഇടുക്കി ജില്ലയിൽ സേവനമനുഷ്ഠിച്ചിരുന്നതിനാൽ ഇടുക്കി ജില്ലാ കളക്ടർ മുഖേന പബ്ലിക്ക് അക്കൗണ്ട്സ് ആക്ട് പ്രകാരം ശ്രീ. എം. സി. തോമസിനെ വിചാരണ ചെയ്ത് ഇടുക്കി ജില്ലാ കളക്ടർ തീരുമാനം എടുത്തതിന് ശേഷമേ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാവൂ എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>അധികവിവരം സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

2.1.6 ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായുള്ള കത്ത് 12-5-2015-ൽ ശ്രീ. എം. സി. തോമസിന് അയച്ചിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>തുടർശിപാർശ</u>

**2.1.7 റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കിയതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 22

## ശിപാർശ

2.2.1 സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമായും പഞ്ചായത്ത് തീരുമാനമില്ലാതെയും അർഹതയില്ലാത്ത സ്ഥാപനത്തിന് ധനസഹായ തുകയായി നൽകിയ 42,216 രൂപ അക്കാലത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസ്, പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. എ. തങ്കപ്പൻ എന്നിവരിൽ നിന്നും തുല്യമായി റവന്യൂ റിക്കവറി നടപടിയിലൂടെ തിരികെ ഈടാക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 10-9-2011-ലെ നമ്പർ എൽ.എഫ്. 19377/സ്പെ.സെൽ/എസ്.സി2/02 നമ്പരായുള്ള ലോക്കൽ ഫണ്ട് വകുപ്പ് ഡയറക്ടറുടെ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർചാർജ് നടപടി ഉപേക്ഷിച്ച എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു. ഉപകരണങ്ങൾ വീണ്ടെടുത്ത് ലേലം ചെയ്ത് വിൽക്കുകയോ, സൊസൈറ്റിയുടെ അധികാരത്തിൽ നിന്നും നഷ്ടം ഈടാക്കുകയോ ചെയ്യുന്നതിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ഉപകരണങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചെങ്കിലും ലേലത്തിൽ പങ്കെടുക്കുവാൻ ആരും ഉണ്ടായില്ല. ടി തുക ഈടാക്കുന്നതിന് അക്കാലത്തെ പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസ്, സെക്രട്ടറി ശ്രീ. എ. തങ്കപ്പൻ എന്നിവരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചെങ്കിലും ടി ആളുകൾ കോടതിയെ സമീപിച്ചിട്ടുള്ളതും ശ്രീ. തങ്കപ്പന്റെ പരാതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലും ശ്രീ. അഗസ്റ്റിൻ തോമസിന്റെ പരാതി ബഹുമാനപ്പെട്ട തൊടുപുഴ ജില്ലാകോടതിയുടെ പരിഗണനയിലുമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.2.3 റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ. എ. തങ്കപ്പൻ നൽകിയ ഡബ്ല്യൂ.പി.(സി) 2898/10(ജെ) എന്ന കേസ് ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

2.2.4 റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. അഗസ്റ്റിൻ തോമസ് ബഹു. ഇടുക്കി ജില്ലാ കോടതി മുമ്പാകെ നൽകിയ ഒ.പി.(എൽ.എഫ്)9/2009 നമ്പർ കേസ് 17-10-2011 തീയതി അന്യായം തള്ളിക്കൊണ്ട് വിധിയായിട്ടുള്ളതാണ്. പ്രസ്തുത വിധിക്കെതിരെ ടിയാൻ അപ്പീൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം വകുപ്പിന് ലഭ്യമാക്കിയിട്ടില്ല.

സമിതി ആരാഞ്ഞ അധികവിവരം

2.2.5 ശ്രീ. അഗസ്റ്റിൻ തോമസിനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാത്തത് സംബന്ധിച്ച വിശദീകരണവും ബഹു. ഹൈക്കോടതിയിലുള്ള കേസിന്റെ നിലവിലെ സ്ഥിതിയും സംബന്ധിച്ച അടിയന്തര റിപ്പോർട്ട് സമർപ്പിക്കുക.

അധികവിവരത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

2.2.6 ശ്രീ. എ. തങ്കപ്പനെതിരെ കോഴിക്കോട് തഹസിൽദാർ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾക്കെതിരെ ടിയാൻ ഇടുക്കി ജില്ലാ കോടതി മുമ്പാകെ ഒ.പി.നമ്പർ 6/2004 കേസ് ഫയൽ ചെയ്തു പ്രകാരം ടിയാനെ തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ടി കേസ് പ്രകാരം 31(1), 31(2) ഖണ്ഡിക പ്രകാരമുള്ള തുകയിൽ നിന്ന് മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത് എന്നും റവന്യൂ റിക്കവറി നടപടികൾ തുടരാമെന്നും 4-1-2010-ൽ പി-3035/08 നമ്പർ കത്ത് പ്രകാരം കോഴിക്കോട് തഹസിൽദാരെ അറിയിക്കുകയും ചെയ്തു. എന്നാൽ ശ്രീ. എ. തങ്കപ്പൻ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റവന്യൂ റിക്കവറി നടപടികൾ നിർത്തി വെക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. ടി കേസ് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. കോടതി നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ശ്രീ. എ. തങ്കപ്പൻ, ശ്രീ. അഗസ്റ്റിൻ തോമസ് എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അധികവിവരം സംബന്ധിച്ച സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.2.7 ശ്രീ. അഗസ്റ്റിൻ തോമസ്, ശ്രീ. എ. തങ്കപ്പൻ എന്നിവരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെങ്കിലും ടി വ്യക്തികൾ കോടതിയെ സമീപിച്ചിട്ടുള്ളതും, ശ്രീ. എ. തങ്കപ്പന്റെ പരാതി ബഹു. ഹൈക്കോടതിയുടെയും ശ്രീ. അഗസ്റ്റിൽ തോമസിന്റെ പരാതി ബഹു. തൊടുപുഴ ജില്ലാ കോടതിയുടെയും പരിഗണനയിലുമാണ്. ഇവരിൽ നിന്നും തുക ഈടാക്കാനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് 2-6-2015-ലെ പി-831/2013-ാം നമ്പർ കത്തിലൂടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തുടർശിപാർശ

**2.2.8 ബഹു. ഹൈക്കോടതിയിലും ബഹു. തൊടുപുഴ ജില്ലാക്കോടതിയിലുമുള്ള കേസുകളിന്മേലുള്ള അന്തിമവിധി പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 25

ശിപാർശ

2.3.1 മുൻബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസിനും മുൻ സെക്രട്ടറി ശ്രീ. എ. തങ്കപ്പനും എതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കി ആയതിന്റെ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചെങ്കിലും ശ്രീ. അഗസ്റ്റിൻ തോമസിന്റെ പരാതി ബഹുമാനപ്പെട്ട തൊടുപുഴ ജില്ലാക്കോടതിയുടെ പരിഗണനയിലും സെക്രട്ടറി ശ്രീ. തങ്കപ്പന്റെ പരാതി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ പരിഗണനയിലുമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.3.3 റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. തങ്കപ്പൻ നൽകിയ ഡബ്ല്യൂ.പി.(സി) 2898/10(ജെ) എന്ന കേസ് ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്

2.3.4 റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. അഗസ്റ്റിൻ തോമസ് ബഹു. ഇടുക്കി ജില്ലാ കോടതി മുമ്പാകെ നൽകിയ ഒ.പി.(എൽ.എഫ്)9/2009 നമ്പർ കേസ് 17-10-2011 തീയതി അന്യായം തള്ളിക്കൊണ്ട് വിധിയായിട്ടുള്ളതാണ്. പ്രസ്തുത വിധിക്കെതിരെ ടിയാൻ അപ്പീൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം വകുപ്പിന് ലഭ്യമാക്കിയിട്ടില്ല

സമിതി ആരാഞ്ഞ അധികവിവരം

2.3.5 ശ്രീ. അഗസ്റ്റിൻ തോമസിനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാത്തത് സംബന്ധിച്ച വിശദീകരണവും ബഹു. ഹൈക്കോടതിയിലുള്ള കേസിന്റെ നിലവിലെ സ്ഥിതിയും സംബന്ധിച്ച അടിയന്തര റിപ്പോർട്ട് സമർപ്പിക്കുക.

<u>അധികവിവരം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

2.3.6 ടി വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. കോടതി നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ശ്രീ. അഗസ്റ്റിൻ തോമസിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

2.3.7 ശ്രീ. അഗസ്റ്റിൻ തോമസ്, ശ്രീ. എ. തങ്കപ്പൻ എന്നിവരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ, സ്വീകരിച്ചുവെങ്കിലും ടി വ്യക്തികൾ കോടതിയെ സമീപിച്ചിട്ടുള്ളതും, ശ്രീ. എ. തങ്കപ്പന്റെ പരാതി ബഹു. ഹൈക്കോടതിയുടെയും ശ്രീ. അഗസ്റ്റിൻ തോമസിന്റെ പരാതി ബഹു. തൊടുപുഴ ജില്ലാകോടതിയുടെയും പരിഗണനയിലാണ്. ഇവരിൽ നിന്നും തുക ഈടാക്കാനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് 2-6-2015-ലെ പി-831/2013-ാം നമ്പർ കത്തിലൂടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>തുടർശിപാർശ</u>

**2.3.8 ബഹു. ഹൈക്കോടതിയിലും ബഹു. ജില്ലാ കോടതിയിലും നിലനിൽക്കുന്ന കേസുകളിന്മേലുള്ള അന്തിമവിധിപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 41</u>

<u>ശിപാർശ</u>

2.4.1 വ്യക്തമായ രേഖകൾ സൂക്ഷിക്കാതെ ധനവിനിയോഗം നടത്തുകയും ബന്ധപ്പെട്ട രേഖകൾ ഔദ്യോഗികമായി കൈമാറാതെയും ഓഡിറ്റ് സമയത്ത് സഹകരിക്കാതെയുമിരുന്ന ശ്രീ. പി. വി. ഐസക് (ജൂനിയർ സൂപ്രണ്ട്), അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എം. കെ.പുരുഷോത്തമൻ നായർ എന്നിവരിൽ നിന്നും 1998-99-ലെ മതിയായ ഓതറൈസേഷനില്ലാതെ വൗച്ചറുകൾ പാസ്സാക്കി മാറിയെടുത്ത തുക 12% പലിശ സഹിതം അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. എം. കെ. പുരുഷോത്തമൻ നായർ റവന്യൂ റിക്കവറി നടപടിയ്ക്കെതിരെ ബഹു. ഹൈക്കോടതിയിൽ നിന്നും 12-2-2009-ൽ സ്റ്റേ വാങ്ങിയിരുന്നു. 31-10-2009-ന് ടിയാൻ മരണപ്പെട്ടതിനാൽ ടിയാന്റെ അനന്തരാവകാശികളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ വഴി തുക ഈടാക്കുന്നതിന് ബഹു. ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.4.3 ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. പി. വി. ഐസക്കിന്റെ പേരിൽ ഇടുക്കി ജില്ലയിൽ റവന്യൂ റിക്കവറി നടപടിയ്ക്കുവേണ്ടി ഓൺ ലൈൻ മുഖേന റിക്കവറി നടപടി സ്വീകരിച്ചപ്പോൾ IAY Dues Only എന്നാണ് കാണിക്കുന്നത്. ആയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾക്കുവേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഇടുക്കി ജില്ലാ കളക്ടർക്ക് അയച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

<u>തുടർശിപാർശ</u>

**2.4.4 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുവാൻ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>അദ്ധ്യായം III</u>

സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

<u>ഖണ്ഡിക നമ്പർ 2</u>

<u>ശിപാർശ</u>

3.1.1 5-12-2008-ൽ പ്രാദേശിക പരിശോധന നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിക്ക് നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ പരിശോധനയ്ക്ക് ലഭിക്കാത്ത രേഖകളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും സംഘം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രാദേശിക പരിശോധനയെന്നാൽ രേഖകളുടെ പരിശോധനയിൽ മാത്രം ഒതുങ്ങി നിൽക്കാതെ ഭൗതിക പരിശോധന കൂടി നടത്തിയിരുന്നുവെങ്കിൽ സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അപ്രകാരം ചെയ്തതായി കാണുന്നില്ല. ആയതിനാൽ

സമിതിക്ക് പുനഃപരിശോധനാ റിപ്പോർട്ട് നൽകുമ്പോൾ പൂർണ്ണമായ റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. സംഘം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുവെന്ന ഗവൺമെന്റ് മറുപടി മുഖവിലക്കെടുത്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.2 ഒഴിവാക്കിയിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.1.3 15-11-2014-ലെ എൽ.എഫ്.റ്റി.ഡി.എഫ്. 1/2280/14-ാം നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക 4</u>

<u>ശിപാർശ</u>

3.2.1 തുക ചെലവഴിച്ചിരിക്കുന്നത് ക്രമപ്രകാരമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.2 ഒഴിവാക്കിയിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.2.3 15-11-2014-ലെ എൽ.എഫ്.റ്റി.ഡി.എഫ്.1/2280/14-ാം നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക 6</u>

<u>ശിപാർശ</u>

3.3.1 മണ്ണിട്ട് നികത്തുന്നതിലെ നിരക്ക് കണക്കാക്കുമ്പോൾ ഇനിഷ്യൽ ലീഡും ലിഫ്റ്റും ഒഴിവാക്കേണ്ടതാണെന്ന് 1986-ലും 2004-ലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചിട്ടുള്ളതായും എന്നാൽ പൊതുമരാമത്തു വകുപ്പ് ചീഫ് എഞ്ചിനീയറുടെ 6-1-2005-ലെ സർക്കുലർ പ്രകാരം പ്രസ്തുത

പ്രവൃത്തിക്ക് ഇനിഷ്യൽ ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ സി.ടി.യുടെയും സി.ഇ.യുടെയും സർക്കുലറുകളിലെ പൊരുത്തക്കേടുകൾ ഒഴിവാക്കി കുറ്റമറ്റ രീതിയിലുള്ള സർക്കുലർ പുറപ്പെടുവിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 സർക്കാർ 21 -8-2014-ാം തീയതി 22512 (1)/എസി2/11/തസ്വഭവ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.3.3 ഒഴിവാക്കാവുന്നതാണെന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക 8</u>

<u>ശിപാർശ</u>

3.4.1 തുക വിനിയോഗിച്ചത് ക്രമപ്രകാരമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 ഒഴിവാക്കിയിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.4.3 15-11-2014-ലെ എൽ.എഫ്.റ്റി.ഡി.എഫ്. 1/2280/14-ാം നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക 13</u>

<u>ശിപാർശ</u>

3.5.1 റോഡ് റോളർ ഉപയോഗിച്ച് മൺപണി നടത്തിയതുമായി ബന്ധപ്പെട്ട് നിയമപരമായ ഒരു വ്യവസ്ഥ അടിയന്തരമായി ഉണ്ടാക്കുന്നതിലേക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.5.2 21-8-2014-ാം തീയതി 22512/എസി2/11/തസ്വഭവ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.5.3 ഒഴിവാക്കാവുന്നതാണെന്ന് അറിയിക്കുന്നു.

ഖണ്ഡിക 29

ശിപാർശ

3.6.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 ഒഴിവാക്കിയിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.6.3 8-1-2015-ലെ എൽ.എഫ്.ഐ. 3/1282/2014-ാം നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക 34

ശിപാർശ

3.7.1 നഷ്ടത്തിനുത്തരവാദിയായ ശ്രീമതി ബിജിമോൾ പണം തിരികെ ഒടുക്കിയതായി നാളിതുവരെ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ഓഡിറ്റ് പരാമർശത്തിന് നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലെന്നും ലോക്കൽ ഫണ്ട് വകുപ്പ് ഡയറക്ടറുടെ 21-12-2010-ലെ 19920/സ്പെ.സെൽ/ജി3/10 നമ്പർ കത്തു പ്രകാരം അറിയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിന്മേൽ അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീമതി ഇ. എസ്. ബിജിമോൾ 13-1-1998-ൽ 918137-ാം നമ്പർ ചെക്ക് പ്രകാരം ആകെ പറ്റിയ 10,000 രൂപയും ആയതിന്റെ 24% നിരക്കിലുള്ള 12 വർഷത്തെ പലിശതുകയായ 28,800 രൂപയും കൂടി ചേർത്ത് ആകെ 38,800 രൂപ ഈ ഓഫീസിലെ 24-3-2011-ലെ 39-ാം നമ്പർ ചെല്ലാൻ പ്രകാരം പീരുമേട് സബ്ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. ഈ വിവരം അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ 23-9-2011-ലെ ബി1-486/05 നമ്പർ കത്ത് പ്രകാരം ഇടുക്കി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.7.3 24-3-2011-ലെ നമ്പർ 48/73457-ാം നമ്പർ രസീതിന്റെ ഓഫീസ് കോപ്പി, ചെല്ലാൻ ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടു.

<u>ഖണ്ഡിക 37</u>

<u>ശിപാർശ</u>

3.8.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 21-12-2010-ലെ <u>കത്തു</u> പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിശോധിച്ചു. ഓഡിറ്റ് പരാമർശ കാലയളവിലെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിജിമോൾ, 5-9-2005-ലെ 32-ാം നമ്പർ രശീതി പ്രകാരം ബാദ്ധ്യത തുകയായ 17,500 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ സാഹചര്യത്തിൽ ശ്രീമതി ബിജിമോൾക്കെതിരെയുള്ള പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ അന്നത്തെ സെക്രട്ടറി ശ്രീ. പി. കെ ശിവദാസൻ തുക അടയ്ക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്നും തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ബ്ലോക്ക് പഞ്ചായത്തിലും പി.എ.യു.-ലും ആർ.ഐ.ഡി.എഫ്. പോലുള്ള വലിയ പ്രോജക്ടുകളുടെ എസ്റ്റിമേറ്റും, പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റ് റിപ്പോർട്ടും മറ്റും തയ്യാറാക്കുന്നത് പ്രൈവറ്റ് ഏജൻസികളാണ്. ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ തുടക്കക്കാലത്ത് നല്ല പ്രൊപ്പോസൽ അയയ്ക്കുന്ന വർക്കുകൾക്കേ അനുമതി ലഭിച്ചിരുന്നുള്ളൂ. കേവലം റോഡിന്റെ ലിസ്റ്റ് അയച്ചാൽ അനുമതി ലഭിച്ചിരുന്നില്ല, പ്രൊപ്പോസലിന്റെ കൂടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ്, സർവ്വേ റിപ്പോർട്ട്, പ്രോജക്ട് റിപ്പോർട്ട് എന്നിവ സമർപ്പിക്കണമായിരുന്നു. അന്ന് ആയതിനുള്ള ഫണ്ട് പ്രത്യേകം അനുവദിച്ചിരുന്നില്ല.

3.8.3 ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന വാഗമൺ റോഡിന്റെ സ്ഥിതി ശോചനീയമായിരുന്നു. ലെവൽസും മറ്റും എടുക്കുന്നതിന് കൂലിയ്ക്ക് ആളെ നിർത്തി കാട് വെട്ടിത്തെളിയ്ക്കേണ്ടിവന്നു. ആയതിന്റെ ചെലവുകൾ അന്നത്തെ പ്രസിഡന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ ആണ് വഹിച്ചത്. സെക്രട്ടറി ഓഡിറ്റ് തടസ്സം ഉന്നയിച്ചപ്പോൾ ഭാവിയിൽ ഓഡിറ്റ് തടസ്സം ഉണ്ടാവുകയാണെങ്കിൽ പണം തിരികെ അടച്ചുകൊള്ളാം എന്ന് സ്വന്തം കൈപ്പടയിൽ സെക്രട്ടറി മുമ്പാകെ എഴുതി ഒപ്പിട്ട് നൽകിയിട്ടുള്ളതാണ്.

3.8.4 45 ലക്ഷത്തിന്റെ റോഡ് പണിപൂർത്തിയായിട്ടുണ്ട്. ആയതിന്റെ പ്രാഥമിക ചെലവിലേക്കായി മുടക്കിയ 35,000 രൂപയാണ് അഴിമതിയായി കാണുന്നത്. എന്നാൽ പ്രൈവറ്റ് ഏജൻസിയെ ഏൽപ്പിച്ചിരുന്നുവെങ്കിൽ 2.5% ഫീസ് നൽകേണ്ടി വരുമായിരുന്നു. അനുമതിയില്ലാത്ത ജോലിക്കല്ല പണം മുടക്കിയത്. അന്ന് അയച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് 45 ലക്ഷത്തിന്റെ റോഡ് അനുവദിച്ചതും പണി പൂർത്തിയാക്കിയതും അതിനാൽ നല്ല ലക്ഷ്യത്തോടുകൂടി ചെയ്ത കാര്യമായതിനാലും ലക്ഷ്യം വിജയകരമായി പൂർത്തിയാക്കിയതിനാലും ആഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.8.5 ശ്രീ. പി. കെ. ശിവദാസൻ നാളിതുവരെ തുക ഒടുക്കിയിട്ടില്ല. 12-8-2011-ൽ ശ്രീ. പി. കെ ശിവദാസന് നൽകിയതായി പറയുന്ന കത്ത്, ടിയാന്റെ മറുപടി എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

3.8.6 ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനും ആയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം സംബന്ധിച്ച മറുപടി</u>

3.8.7 നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2010-11-ലെ 42-ാമത് റിപ്പോർട്ടിന്മേൽ 17,500 രൂപയും 28-5-1994 മുതൽ 24% നിരക്കിലുള്ള പലിശയും ചേർത്ത് അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ടി കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കെ. ശിവദാസന് ഈ ഓഫീസിൽ നിന്നും പലതവണ കത്ത്

അയച്ചിരുന്നു. എന്നാൽ ടിയാൾ പണം ഒടുക്കിയിട്ടില്ല. ശ്രീ. പി. കെ. ശിവദാസന് അസിസ്റ്റന്റ് പ്രോജക്ട് ഡയറക്ടറായി ദാരിദ്ര്യ ലഘൂകരണ വിഭാഗം പത്തനംതിട്ടയിൽ ജോലി ചെയ്തുവരവെ അസുഖബാധിതനായി 12-11-2012-ൽ മരണപ്പെട്ടുപോയി എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ലഭ്യമാക്കിയ മറുപടി

3.8.8 അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. കെ. ശിവദാസൻ 12-11-2012-ൽ മരണപ്പെട്ടുപോയതാണെന്നും ടിയാളുടെ പേരിലുള്ള നഷ്ടം 35,000 രൂപ പെൻഷൻ ആനുകൂല്യത്തിൽ നിന്നോ മറ്റേതെങ്കിലും വിധത്തിലോ നാളിതുവരെ ഈടാക്കിയിട്ടില്ലായെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2-6-2015-ലെ ബി1-399/15 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 44

ശിപാർശ

3.9.1 പോളിടെക്നിക്കൽ ഇൻഡസ്ട്രിയൽ എഡ്യൂക്കേഷൻ എന്നത് വ്യവസായത്തിന്റെ ഭാഗം തന്നെയാണെന്ന വിലയിരുത്തലിന്റെയും സ്ഥലമോ ഫണ്ടോ ദുർവിനിയോഗം ചെയ്തിട്ടില്ലെന്നതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 ഒഴിവാക്കിയിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.9.3 12-12-2014-ലെ എൽ.എഫ്.ഐ 3/1282/14-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

ഖണ്ഡിക 48

ശിപാർശ

3.10.1 ഗുണഭോക്തൃ കൺവീനർമാരിൽ നിന്നും ബാദ്ധ്യത തുക ഈടാക്കുന്നതിലേക്കായി ബന്ധപ്പെട്ട കളക്ടറേറ്റ്/തഹസിൽദാർ ഓഫീസുകളുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട് R.R. നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി തുക ഈടാക്കണമെന്നും ആയത് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 ഗുണഭോക്തൃ കമ്മിറ്റി ചെലവ് എന്ന ഇനത്തിൽ 35,810 രൂപ മരാമത്ത് പണികളുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്ക് നൽകിയിട്ടുള്ളത് തിരികെ ഈടാക്കണമെന്ന് ആഡിറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് പ്രസ്തുത കൺവീനർമാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെലവ് തുകയും പലിശയുമായി 56,276 രൂപ (അൻപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപത്തിആറ് രൂപ മാത്രം) ഈടാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.10.3 വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ മരാമത്ത് പണികൾക്ക് ഗുണഭോക്തൃ കമ്മിറ്റി ചെലവ് എന്ന ഇനത്തിൽ 35,810 രൂപ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്ക് നൽകിയിട്ടുള്ളത് തിരികെ ഈടാക്കണമെന്ന ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൺവീനർമാർക്കെതിരെ പഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെലവ് തുകയും പലിശയുമായി 56,276 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള വിവരത്തിന്മേൽ തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നുള്ള വിവരം അനന്തര നടപടികൾക്കായി അറിയിച്ചുകൊള്ളുന്നു.

ഖണ്ഡിക 51

ശിപാർശ

3.11.1 അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുകയും പദ്ധതി ലക്ഷ്യം കൈവരിക്കുകയും ടി കെട്ടിടങ്ങൾ സർക്കാർ ആസ്തിയായി ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്നതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.2 ഒഴിവാക്കിയിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.11.3 10-6-2015-ലെ എൽ.എഫ്.ക്യൂ.പി.ജി./981/15-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

## ഖണ്ഡിക 55

### ശിപാർശ

3.12.1 ഭർത്താവിന്റെ പേരിൽ ഭൂമി ഉണ്ടായിരിക്കെ ഗുണഭോക്താവ് ഭൂരഹിതയാണെന്ന വ്യാജ റിപ്പോർട്ട് നൽകിയ ബ്ലോക്ക് വികസന ഓഫീസർ, വാളകം വില്ലേജ് ഓഫീസർ എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.12.2 ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറായ ശ്രീ. ബി. രവീന്ദ്രനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരങ്ങൾ അയച്ചുതരണമെന്ന് പട്ടികജാതി വികസന ഡയറക്ടറോട് Registered കത്തു മുഖേന ആവശ്യപ്പെട്ടിട്ടും നാളിതുവരെ പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. എന്നാൽ പ്രാദേശിക അന്വേഷണത്തിൽ ശ്രീ. ബി. രവീന്ദ്രൻ 30-11-2008-ന് സർവ്വീസിൽ നിന്നും വിരമിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്.

3.12.3 വാളകം വില്ലേജ് ഓഫീസറായിരുന്ന ശ്രീ. വിദ്യാധരൻ 31-1-2000-ൽ റിട്ടയർ ചെയ്തുപോയിട്ടുള്ളതാണെന്നും ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ എല്ലാം അനുവദിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ സാധിക്കില്ലെന്ന് കൊല്ലം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.12.4 വെട്ടിക്കവല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീ. ബി. രവീന്ദ്രൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്.

3.12.5 ശ്രീ. രവീന്ദ്രനെതിരെയും, വാളകം വില്ലേജ് ഓഫീസർക്ക് എതിരെയും നടപടികൾ ഒന്നും സ്വീകരിച്ചതായി രേഖകൾ ഇല്ല എന്ന് വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 11-12-2014-ലെ 1453/13-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

## ഖണ്ഡിക 59

### ശിപാർശ

3.13.1 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടില്ലാ എന്ന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം

ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ ധനവിനിയോഗം സംബന്ധിച്ച കണക്കുകൾ ചട്ടപ്രകാരം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ സർക്കാർനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.13.2 ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അക്കൗണ്ടുകൾ രേഖപ്പെടുത്തുന്നത് "സാംഖ്യ" സോഫ്റ്റ്‌വെയർ മുഖേനയാണ്. ധനവിനിയോഗം സംബന്ധിച്ച കണക്കുകൾ ചട്ടപ്രകാരം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റ് സിസ്റ്റം നിലവിലുണ്ട്.

<u>ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.13.3 10-6-2015-ലെ എൽ.എഫ്.ക്യു.പി.ജി/981/15-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക 64</u>

<u>ശിപാർശ</u>

3.14.1 കാർഷികമേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും ചെലവുരേഖകളും അടിയന്തരമായി നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് വകുപ്പിന് കൈമാറണമെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് ബാദ്ധ്യതകൾ തീർക്കുന്നതിനായി സെക്രട്ടറി തുക പിൻവലിച്ച് നൽകിയതെന്നതിനാൽ സെക്രട്ടറിയുടെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.2 സെക്രട്ടറിയുടെ പേരിലുള്ള നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.14.3 10-6-2015-ലെ എൽ.എഫ്.ക്യു.പി.ജി./981/15-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

3.14.4 നഷ്ടത്തുകയായ 35,000 രൂപയുടെ ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുവാനും ഹാജരാക്കുന്നില്ലെങ്കിൽ തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയും സംബന്ധിച്ച് റിപ്പോർട്ട് നൽകുക.

<u>അധികവിവരത്തിന്മേലുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

3.14.5 കാർഷികമേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും ചെലവുരേഖകളും നിർവ്വഹണോദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൊല്ലം ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ പരിശോധനയ്ക്കായി 12-7-2011-ൽ നൽകിയിട്ടുള്ളതും 14-9-2011-ൽ പരിശോധനയ്ക്ക് ശേഷം തിരികെ ലഭിച്ചിട്ടുള്ളതുമാണെന്ന് അഞ്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.14.6 കാർഷികമേളയുടെ നടത്തിപ്പിനായി ചെലവായ 35,000 രൂപ സെക്രട്ടറിയായിരുന്ന ശ്രീ. എ. രാഘവന്റെ കാലയളവിലാണ് ചെക്ക് എഴുതി മാറിയിരുന്നത്. ടിയാൻ 11-2-2010-ൽ മരണപ്പെട്ടുപോയ വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.14.7 നഷ്ടത്തുകയായ 35,000 രൂപയുടെ ചെലവ് സാധൂകരിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും ഹാജരാക്കിയ ഫയലിനൊപ്പം ടി തുകയുടെ വിശദാംശങ്ങൾ ഉൾപ്പെട്ടിരുന്നില്ല) നഷ്ടോത്തരവാദിയായി നിർണ്ണയിച്ചിരുന്ന ശ്രീ. എ. രാഘവൻ, സെക്രട്ടറി 11-2-2010-ൽ മരണപ്പെട്ടുപോയതായി അറിയിച്ചിട്ടുണ്ട്.

<u>ഖണ്ഡിക 66</u>

<u>ശിപാർശ</u>

3.15.1 സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും നടത്തിയ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് ഓഡിറ്റ് പരാമർശത്തിന്മേൽ കൂടുതൽ നടപടി ആവശ്യമില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ബാദ്ധ്യത വരുത്തി യിട്ടില്ലാത്തതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.15.2 ഒഴിവാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.15.3 10-6-2015-ലെ എൽ.എഫ്.ക്യു.പി.ജി./981/15-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

## ഖണ്ഡിക 70

### ശിപാർശ

3.16.1 പമ്പ് സെറ്റുകൾ എല്ലാം പാടശേഖര സമിതികൾക്ക് വിതരണം ചെയ്തു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.16.2 ഒഴിവാക്കിയിട്ടുണ്ട്.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.16.3 10-6-2015-ലെ എൽ.എഫ്.ക്യു.പി.ജി./981/15-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 1.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2.1.7 | തദ്ദേശസ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കിയതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.8 | തദ്ദേശസ്വയംഭരണ വകുപ്പ് | ബഹു. ഹൈക്കോടതിയിലും ബഹു. തൊടുപുഴ ജില്ലാക്കോടതിയിലുമുള്ള കേസുകളിന്മേലുള്ള അന്തിമവിധി പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.8 | തദ്ദേശസ്വയംഭരണ വകുപ്പ് | ബഹു. ഹൈക്കോടതിയിലും ബഹു. ജില്ലാ കോടതിയിലും നിലനിൽക്കുന്ന കേസുകളിന്മേലുള്ള അന്തിമവിധി പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.4 | തദ്ദേശസ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുവാൻ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.